## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4815** **20-07-2022 - ൽ മറുപടിയ്ക്ക്**

## ബാലുശ്ശേരി-കൊയിലാണ്ടി മണ്ഡലത്തിലെ തോരായികടവ് പാലം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി-കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തോരായികടവ് പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് 04/02/2018- തീയതിയിൽ കിഫ്ബിയിൽ നിന്നും 14.90 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായി. ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട് പാലത്തിന്റെ ഡിസൈനിൽ മാറ്റം വരുകയും 26/02/2021- തീയതിയിൽ 18.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുകയും ചെയ്തു. 28/01/2022- തീയതിയിൽ 21.61 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകുകയും 05/02/2022-ൽ ടെണ്ടർ ചെയ്യുകയും ചെയ്തു. സിംഗിൾ ക്വാളിഫൈഡ് ബിഡ്ഡർ ആയതിനാൽ 01/04/2022-ൽ പ്രവൃത്തി റീടെൻഡർ ചെയ്യുകയും 22/06/2022-ലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റി, ആയത് M/s PMR Construction Company & M/s EKK Infrastructure Ltd എന്ന Joint Venture -ന് അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക സാമ്പത്തികാനുമതി ലഭ്യമായ തുകയെ അധികരിച്ചിരിക്കുന്നതിനാൽ കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനുള്ള പ്രൊപ്പോസൽ **14/03/2022**-ൽ കിഫ്ബിയ്ക്ക് സമർപ്പിച്ചു. എന്നാൽ സ്ഥലമേറ്റെടുക്കലിന് ആവശ്യമായ തുകയുടെ വിവരങ്ങളും എസ്റ്റിമേറ്റ് അധികരിച്ചതിന്റെ താരതമ്യവും നൽകുന്നതിനായി കിഫ്ബിയിൽ നിന്നും മടക്കി നൽകുകയുണ്ടായി. പ്രസ്തുത വിവരങ്ങൾ കിഫബിയിലേയ്ക്ക് പുന:സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത തീയതിയും ടെണ്ടർ എടുത്ത കമ്പനിയും ഏതാണെന്ന് അറിയിക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എത്ര പേരുടെ ഭൂമിയാണ് ഏറ്റെടുക്കുന്നതെന്നും വിശദാംശം നൽകുമോ? | (സി) | തോരായിക്കടവ് പാലം നിർമാണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ കോഴിക്കോട് LA കിഫ്ബി വിഭാഗത്തിൽ പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 14 പേരുടെ ഭൂമി ഏറ്റെടുക്കേണ്ടതായുണ്ട് . ഭൂമി ഏറ്റെടുക്കൽ നടപടികളിൽ സ്ഥലത്തിന്റെ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട്, ആർ ആർ പാക്കേജ് എന്നിവ അംഗീകരിച്ചു. ആർ എഫ് സി ടി എൽ എ ആർ ആർ ആക്ട് **2013** സെക്ഷൻ 19 (1) പ്രകാരമുള്ള പ്രഖ്യാപന നടപടിയിലാണ്.<br><br>സ്ഥലമേറ്റെടുക്കലിന് കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 1,69,690/-രൂപ 23/11/2019-ൽ കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. അധികമായി വേണ്ട 10,80,310/- രൂപയും എൽ.എ കോസ്റ്റ് ഇനത്തിലുള്ള 2.5 കോടി രൂപയും ആവശ്യപ്പെട്ടുള്ള പ്രൊപ്പോസൽ കിഫ്ബിയ്ക്ക് സമർപ്പിച്ച് തുക അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ